**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1103** **11-02-2025 - ൽ മറുപടിയ്ക്ക്**

**പൊഴിയൂർ തീരദേശപ്രദേശത്ത് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര പൊഴിയൂർ തീരദേശപ്രദേശത്ത് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയിൽ രണ്ടാം ഘട്ടത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര തുകയാണ് അനുവദിച്ചതെന്നും എത്ര വീടുകൾ ആണ് നിർമ്മിക്കുന്നതെന്നും വിശദമാക്കാമോ? | (എ) | പുനർഗേഹം പദ്ധതിയുടെ ഭരണാനുമതി ഒന്നും രണ്ടും ഘട്ടങ്ങൾക്ക് ഒരുമിച്ച് തന്നെ നല്കിയിട്ടുള്ളതാണ്. ആയതിനാൽ പദ്ധതിയുടെ നിർവഹണം തുടർച്ചയായി നടത്തിവരികയാണ്.<br><br>പുനർഗേഹം പദ്ധതി പ്രകാരം നെയ്യാറ്റിൻകര പൊഴിയൂർ തീരദേശപ്രദേശത്ത് 439 പേരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി (DLAC) അംഗീകരിച്ചിരുന്നു. പദ്ധതി പ്രകാരം മാറി താമസിക്കാൻ താല്പര്യമുണ്ടായിരുന്നവർ 434 പേരാണ്. 96 പേർ ഭൂമി കണ്ടെത്തി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ (DLMC) അംഗീകാരം നേടുകയും ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 78 പേർക്ക് രജിസ്ട്രേഷൻ തുകയായി 3,61,59,110/- രൂപ അനുവദിച്ചിട്ടുണ്ട്. വീടിന്റെ ഒന്നാംഘട്ടം 57 പേർ പൂർത്തീകരിക്കുകയും ആയതിനായി 1,30,66,049/- രൂപ ചെലവഴിക്കുകയും ചെയ്തു. വീടിന്റെ രണ്ടാം ഘട്ടം 43 പേർ പൂർത്തീകരിക്കുകയും ആയതിനായി 99,47,644/- രൂപ ചെലവഴിക്കുകയും ചെയ്തു. 15 പേർ വീടിന്റെ നിർമ്മാണം (മൂന്നാം ഘട്ടം) പൂർത്തീകരിക്കുകയും ആയതിനായി 17,53,828/- രൂപ ചെലവഴിക്കുകയും ചെയ്തു. ഇത്തരത്തിൽ ആകെ 6,09,26,631/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കൂടാതെ പുനർഗേഹം പദ്ധതിയുടെ ഭാഗമായി പൊഴിയൂർ പ്രദേശത്തെ 128 കുടുംബങ്ങൾക്ക് കാരോട് പഞ്ചായത്തിൽ ഫ്ലാറ്റ് നിർമ്മിച്ച് നൽകി പുനരധിവസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ